LIBRARY ARCHIVES Kerala Legislative Assembly

നെല്ല് ഉൽപാദനം

142 (3347) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന നെൽവയൽ ഭൂമിയുടെ വിസ്തൃതി എത്ര; ആയത് 2015-16-ൽ എത്ര; നെല്ല് ഉൽപാദനം പ്രസ്തുത കാലയളവിനുള്ളിൽ എത്രയായി കുറഞ്ഞു; വിശദാംശം വ്യക്തമാക്കുമോ;

(ബി) കൃഷിയിറക്കാതെ തരിശായി കിടക്കുന്ന പാടങ്ങൾ ഉപയോഗ ശൂന്യമായതിന്റെ കാരണം വിലയിരുത്തി കൃഷിക്ക് ഉപയുക്തമാക്കാനും തരിശു നിലങ്ങളിൽ മുഴുവൻ കൃഷിയിറക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) നിലവിൽ വിളമേനി (ഉൽപാദന ശേഷി) ഹെക്ടറിന് എത്ര ടൺ; ആയത് വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ ആവശ്യമായ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധിമൂലം എത്ര നെൽകർഷകർ ആത്മഹത്യ ചെയ്തു; ഇവരുടെ കുടുംബത്തിന് എന്തൊക്കെ ധനസഹായങ്ങൾ നല്കി; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽ വയൽ ഉണ്ടായിരുന്നു. ആയത് 2012-13-ൽ 197277 ഹെക്ടറും 2013-14-ൽ 199611 ഹെക്ടറുമാവുകയുണ്ടായി. 2011-12 വർഷം ഉൽപ്പാദനം 568990 മെ.ടൺ ആയിരുന്നത് 2014 -15 ആയപ്പോൾ 562090 മെ.ടൺ ആയിട്ടുണ്ട്. 2011-12-ൽ ഉൽപ്പാദനക്ഷമത (അരിയുടെ) 2733 കിലോ ആയിരുന്നത് 2014-15-ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) തരിശായി കിടക്കുന്ന നെൽവയലുകളിൽ തരിശുനില നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് 2011-12 വർഷം 3407 ഹെക്ടർ, 2012-13 വർഷം 1373.4 ഹെക്ടർ 2013-14 വർഷം 1903.95 ഹെക്ടർ 2014-15 വർഷം 1805.8 ഹെക്ടർ എന്നിങ്ങനെ ഘട്ടംഘട്ടമായി തരിശുനിലം നെൽകൃഷി യോഗ്യമാക്കി മാറ്റി വരുന്നുണ്ട്. 2015-16 വർഷം 2000 ഹെക്ടറിൽ തരിശുനില നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 2011-12-ൽ അരിയുടെ ഉൽപ്പാദനക്ഷമത 2733 കിലോഗ്രാം ആയിരുന്നത് 2014-15-ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്. നിലവിൽ തരിശായി കിടക്കുന്ന നെൽ വയലുകൾ കൃഷി യോഗ്യമാക്കി മാറ്റി ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിലുള്ള സ്ഥലങ്ങളിൽ നിന്ന് പരമാവധി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. അതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സുസ്ഥിര നെൽകൃഷി വികസനം:

നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.

വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം:

ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.):

തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

GPM. 2/244/2020-27

LIBRARY ARCHIVES Kerala Legislative Assembly

(ആർ.കെ.വി.വൈ.) പൊക്കാളി നെൽകൃഷി വികസന പദ്ധതി. 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇൻകം ഗ്യാരണ്ടി സ്കീം

143 (3348) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്കുവേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) ആകെ എത്ര കർഷകർ പദ്ധതിയിൽ അംഗങ്ങളായി; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചെറുകിട-നാമമാത്ര കർഷകർക്കുള്ള ഇൻകം ഗ്യാരണ്ടി സ്കീം ഇതുവരെ നടപ്പാക്കിയിട്ടില്ല.

(ബി) ഈ പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തുന്നതാണ് എന്ന് പ്രഖ്യാപിച്ചു എങ്കിലും 2014-15, 2015-16 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ബാധകമല്ല.

കെരഫെഡ്-എഫ്.ഐ.ടി. സംരംഭം

144 (3349) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമായി കേരഫെഡ്-എഫ്.ഐ.ടി. സംരംഭം തുടങ്ങുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; പ്രഖ്യാപനം നടത്തിയത് എപ്പോൾ; സംരംഭം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly